**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3799** **06-08-2021 - ൽ മറുപടിയ്ക്ക്**

**എന്റെ വീട് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ഒ.ബി.സി. വിഭാഗങ്ങൾക്കായുള്ള എന്റെ വീട് ഭവന പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വേണ്ടിയുള്ളതാണ് "എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതി. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 സ്കീമുകളിലായി പരമാവധി 10 ലക്ഷം രൂപയാണ് വായ്പയായി അനുവദിച്ച് വരുന്നത്. വിശദാംശ ങ്ങൾ ചുവടെ ചേർക്കുന്നു. കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയിൽ താഴെയാണെങ്കിൽ സ്കീം 1-ൽ ഉൾപ്പെടുത്തി പരമാവധി 5 ലക്ഷം രൂപ 7.5% പലിശ നിരക്കിലും, കുടുംബ വാർഷിക വരുമാനം 1,20,000/- മുകളിൽ 3 ലക്ഷം വരെയാണെങ്കിൽ സ്കീം 2 പ്രകാരം പരമാവധി 10 ലക്ഷം രൂപ 8% പലിശ നിരക്കിലുമാണ് വായ്പയായി അനുവദിക്കുന്നത്. ഇതിനുപുറമേ വീട് നിർമ്മിക്കുന്ന വസ്തു പഞ്ചായത്ത് മേഖലയിൽ ആണെങ്കിൽ കുറഞ്ഞത് 6 സെന്റും മുനിസിപ്പൽ / കോർപ്പറേഷൻ ഏരിയകളിലാണെങ്കിൽ കുറഞ്ഞത് 5 സെന്റും അനിവാര്യമാണ്. ടി വസ്തു ജാമ്യമായി സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകന്റെ പ്രായപരിധി 18 – 55 വയസ്സിനിടയ്ക്കും സഹ അപേക്ഷകന് 18 വയസ്സിന് മുകളിലുമായിരിക്കണം. [സഹ അപേക്ഷകർ : 1. ജീവിത പങ്കാളി/മകൻ /മകൾ/ മാതാവ്/പിതാവ് (അതേ മുൻഗണനാ ക്രമം) 2. സഹോദരൻ / സഹോദരി / പിതാവ് / മാതാവ് / 18 വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾ (വിവാഹ മോചിതരുടെ കാര്യത്തിൽ)] ഭവനം നിർമ്മിക്കുന്ന വസ്തു അപേക്ഷകന്റെ / അപേക്ഷകന്റെയും സഹ അപേക്ഷകന്റെയും സംയുക്തമായ / സഹ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതായിരിക്കണം. കൂടാതെ അപേക്ഷകർക്കോ, അവരുടെ ജീവിത |

| | | | |
|---|---|---|---|
| | | | പങ്കാളിക്കോ, അവിവാഹിതരായ കുട്ടികൾക്കോ വാസയോഗ്യമായ ഭവനം ഉണ്ടാകാൻ പാടില്ല. |
| (സി) | പദ്ധതി മുഖേന വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ? | (സി) | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വേണ്ടിയുള്ളതാണ് "എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതി. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 സ്കീമുകളിലായി പരമാവധി 10 ലക്ഷം രൂപയാണ് വായ്പയായി അനുവദിച്ച് വരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയിൽ താഴെയാണെങ്കിൽ സ്കീം 1-ൽ ഉൾപ്പെടുത്തി പരമാവധി 5 ലക്ഷം രൂപ 7.5% പലിശ നിരക്കിലും, കുടുംബ വാർഷിക വരുമാനം 1,20,000/- മുകളിൽ 3 ലക്ഷം വരെയാണെങ്കിൽ സ്കീം 2 പ്രകാരം പരമാവധി 10 ലക്ഷം രൂപ 8% പലിശ നിരക്കിലുമാണ് വായ്പയായി അനുവദിക്കുന്നത്. ഇതിനുപുറമേ വീട് നിർമ്മിക്കുന്ന വസ്തു പഞ്ചായത്ത് മേഖലയിൽ ആണെങ്കിൽ കുറഞ്ഞത് 6 സെന്റും മുനിസിപ്പൽ / കോർപ്പറേഷൻ ഏരിയകളിലാണെങ്കിൽ കുറഞ്ഞത് 5 സെന്റും അനിവാര്യമാണ്. ടി വസ്തു ജാമ്യമായി സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകന്റെ പ്രായപരിധി 18 – 55 വയസ്സിനിടയ്ക്കും സഹ അപേക്ഷകന് 18 വയസ്സിന് മുകളിലുമായിരിക്കണം. [സഹ അപേക്ഷകർ : 1. ജീവിത പങ്കാളി/മകൻ /മകൾ/ മാതാവ്/പിതാവ് (അതേ മുൻഗണനാ ക്രമം) 2. സഹോദരൻ / സഹോദരി / പിതാവ് / മാതാവ് / 18 വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾ (വിവാഹ മോചിതരുടെ കാര്യത്തിൽ)] ഭവനം നിർമ്മിക്കുന്ന വസ്തു അപേക്ഷകന്റെ / അപേക്ഷകന്റെയും സഹ അപേക്ഷകന്റെയും സംയുക്തമായ / സഹ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതായിരിക്കണം. കൂടാതെ അപേക്ഷകർക്കോ, അവരുടെ ജീവിത പങ്കാളിക്കോ, അവിവാഹിതരായ കുട്ടികൾക്കോ വാസയോഗ്യമായ ഭവനം ഉണ്ടാകാൻ പാടില്ല. |

സെക്ഷൻ ഓഫീസർ